ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

* 344. [3] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പുതുതായി 1962–63, 1963–64–ൽ ആരംഭിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാം ;

(ബി) 1962 ആദ്യം തുടങ്ങിയ കിഴ്പാട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും, അക്കൊല്ലംതന്നെ തുടങ്ങിയ മുടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള കാരണമെന്താണ് ;

(സി) ഈ പദ്ധതികൾ ഉടനടി പൂർത്തീകരിക്കാനുള്ള നടപടി എടുക്കുമോ ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) കന്നുകര ലിഫ്റ്റ് ഇറിഗേഷൻ സ്കീം

(2) ഇടവൂർക്കര ടി
(3) കപ്പരിക്കാട് ടി
(4) മുടിക്കൽ ടി
(5) കീഴ്മുറി ടി
(6) പുതുപ്പാടി ടി
(7) മാറാടി ടി
(8) കായനാട് ടി

(ബി) ഈ പദ്ധതിക്ക് ആവശ്യമുള്ള സ്ഥലം പൊന്നുംവില കൂടാതെ, സർക്കാരിലേക്ക് വിട്ടുകൊടുക്കാമെന്നുള്ള ധാരണയിലാണ് പണി തുടങ്ങിയത്. പിന്നീട് പല വസ്തുടമകളും ഭൂമി വിട്ടുകൊടുക്കുന്നതിനു വൈമനസ്യം കാണിച്ചതാണ് താമസത്തിനു കാരണം. കൂടാതെ മഴക്കാലത്തു പണിനടത്താനും സാധിച്ചില്ല.

(സി) ആവശ്യമുള്ള സ്ഥലം കിട്ടുന്നതിനുള്ള തടസ്സങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതുകൊണ്ട് പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ഈ പണികൾ കഴിയുന്നതുംവേഗം പൂർത്തിയാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പല സ്ഥലത്തും നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, സ്ഥലം വിട്ടുകിട്ടാത്ത ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇറിഗേഷൻ പദ്ധതി മൂലം യാതൊരു പ്രയോജനവും ലഭിക്കാത്ത വസ്തുടമകൾ സ്ഥലം വിട്ടുതരാൻ വൈമനസ്യം പ്രകടിപ്പിക്കാറുണ്ട്. അങ്ങനെ വരുമ്പോൾ, ലാൻഡ് അക്വിസിഷൻ എമർജൻസി കേസ് അനുസരിച്ചു വസ്തു പൊന്നുംവിലയ്ക്കു എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : മിക്കവാറും ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിച്ചാൽ കാലതാമസം വരുമെന്നുള്ളതുകൊണ്ട് താൽപ്പര്യമുള്ള ആളുകളെ പ്രേരിപ്പിച്ച് സൗജന്യമായി വസ്തു വിട്ടുകിട്ടാനുള്ള നടപടി സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ലാൻഡ് അക്വിസിഷൻ നടപടി സ്വീകരിക്കുന്നതിന് മറ്റൊരു ബുദ്ധിമുട്ടുള്ളത്, പൊന്നുംവിലയ്ക്ക് കൂടുതൽ വില കൊടുക്കുന്നതിനുള്ള സാമ്പത്തികഭാരമാണ്. അങ്ങനെ ചെയ്താൽ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള സീലിംഗിൽ കാര്യം ഒതുങ്ങിയില്ലെന്നുവരും. പല വർക്കുകളും സ്റ്റോപ്പ് ചെയ്യേണ്ടതായി വരും. അതുകൊണ്ട് സ്ഥലം ഉടമകളെ ഏതെങ്കിലും വിധത്തിൽ പ്രേരിപ്പിച്ച് സൗജന്യമായി വസ്തു കിട്ടാനുള്ള ശ്രമമാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ലിഫ്റ്റ് ഇറിഗേഷൻ താരതമ്യേന നഷ്ടം വരുത്തുന്ന പദ്ധതിയായതുകൊണ്ട് മേലാൽ ഇതു വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ തീരുമാനിച്ചിട്ടില്ല. കൂടെ റിക്കറിംഗ് എക്സ്പെൻസുണ്ടാകുമെന്നല്ലാതെ, ഈ പദ്ധതി നഷ്ടമുള്ളതാണെന്നു പറഞ്ഞുകൂടാ.

ശ്രീ. എം. എം. മത്തായി : ഭൂ ഉടമകൾ വസ്തു വിട്ടുകൊടുത്തിട്ടും രണ്ടും മൂന്നും കൊല്ലമായി ചില ഇറിഗേഷൻ പദ്ധതികൾ നടപ്പാകാതെ കിടക്കുന്നുണ്ട്. അങ്ങനെയുള്ള പണികൾ ഏറ്റവും വേഗത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ചില കേസുകളെ സംബന്ധിച്ചിടത്തോളം പെട്ടെന്നു പ്രവർത്തനം ആരംഭിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. എസ്റ്റിമേറ്റു തയ്യാറാക്കുമ്പോൾ താൽപ്പര്യമുള്ള എല്ലാ വസ്തുഉടമകളും സ്ഥലം വിട്ടുതരുമെന്നുള്ള പ്രതീക്ഷയിലായിരിക്കും എസ്റ്റിമേറ്റു തയാറാക്കുന്നത്. അങ്ങനെ എസ്റ്റിമേറ്റു തയ്യാറാക്കിയതിനുശേഷം ബുദ്ധിമുട്ടു നേരിടുകയും, എസ്റ്റിമേറ്റു റിവൈസ് ചെയ്യേണ്ടതായി വരികയും ചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മീനച്ചിൽ താലൂക്കിൽ, കിടങ്ങൂർ പകുതിയിൽ വളരെ സ്ഥലം ഇറിഗേഷൻ സൗകര്യമുണ്ടായാൽ കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. ജനങ്ങൾ സ്ഥലം വിട്ടുതരാൻ തയ്യാറാണ്. കുറേ നാളായി അവിടെ ലിഫ്റ്റു ഇറിഗേഷനുള്ള അന്വേഷണം നടത്തുന്നുണ്ടെന്നു പറയുന്നു. അക്കാര്യത്തിൽ ഗവണ്മെന്റു എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : വളരെ നാളായി ഇതിനെപ്പറ്റി നിവേദനം തരികയും, ഇതുവരെ ഒന്നും ഈ കാര്യത്തിൽ ചെയ്യാതിരിക്കുകയുമാണെങ്കിൽ തീർച്ചയായിട്ടും സാരമായ എന്തെങ്കിലും തകരാറു് ഉണ്ടായിരിക്കും. ഒന്നുകിൽ സാങ്കേതികമായി അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ചിലവു് ഗവണ്മെന്റിനുണ്ടാകും, അല്ലെങ്കിൽ അത്രമാത്രം വിജയിക്കാൻ സാദ്ധ്യതയുണ്ടായിരിക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതിനെപ്പറ്റി കൂടുതൽ വിവരം തരാം.

ക്യാൻസർരോഗികൾ

* 345. [4] ശ്രീ. ആർ. സുഗതൻ :† താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരിമാസം മുതൽ ഡിസംബർ അവസാനം വരെ ഉള്ളൂർ മെഡിക്കൽ കാളേജാശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ക്യാൻസർ രോഗികളുടെ എണ്ണം എത്ര ;

(ബി) ഇവരിൽ സുഖപ്പെട്ടുപോയവർ എത്ര ;

(സി) മരണമടഞ്ഞവർ എത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 1073.

(ബി) ഇതിൽ ആയിരത്തോളംപേർക്ക് ഫലപ്രദമായ ചികിത്സ നടത്താൻ സാധിച്ചിട്ടുണ്ടെന്നാണറിയുന്നത്. ചില രോഗികൾ സുഖം പ്രാപിക്കുന്നതിനുമുമ്പുതന്നെ ആശുപത്രി വിടുന്നതുകൊണ്ട് ശരിയായ കണക്കുകൾ എടുക്കാൻ സാധിച്ചിട്ടില്ല.

(സി) 22.

† Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly